കരം നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒല്ലൂർ വാട്ടർ സപ്ലൈ സെക്ഷനാഫീസിന്റെ കീഴിൽ ആക്കുന്നതിന് നടപടികരം സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചുവരുന്നു.

കുമ്പളങ്ങി പഞ്ചായത്തിലെ ശുദ്ധജല വിതരണം

891. [1319] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പളങ്ങി പഞ്ചായത്തിൽ ശുദ്ധജല വിതരണത്തിന് പൈപ്പു കരം ഇട്ടിട്ട് എത്ര വർഷമായി ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ എത്ര ഉറുപ്പിക ചെലവഴിച്ചു ;

(സി) പ്രസ്തുത പൈപ്പ്ലൈൻ കണക്കടവ് വഴി കടന്നു പോകുന്ന മെയിൻ ലൈനുമായി ഇതുവരെ കണക്ട് ചെയ്യാതിരിക്കുന്നത് എന്തുകൊണ്ട് ;

(ഡി) കുമ്പളങ്ങിയിൽ ഇട്ടുകഴിഞ്ഞിട്ടുള്ള പൈപ്പുലൈനുമായി എന്ന് മെയിൻ ലൈൻ കണക്ട് ചെയ്യുമെന്നും പൈപ്പുവഴി വെള്ളം എന്ന് കുമ്പളങ്ങിയിൽ വിതരണം തുടങ്ങുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഏകദേശം നാല് വർഷത്തോളമായി.

(ബി) 26,72,543 രൂപ.

(സി) കുമ്പളങ്ങി പ്രദേശത്ത് വിതരണം ചെയ്യുന്നതിനാവശ്യമായ വെള്ളം കണക്കടവ് വഴി കടന്നുപോകുന്ന ലൈനിൽ ഇല്ലാത്തതിനാലാണ് ആ ലൈനുമായി ബന്ധിപ്പിക്കാൻ സാധിക്കാതിരുന്നത്.

(ഡി) ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിശാലകൊച്ചി പദ്ധതി പൂർത്തിയായാൽ മാത്രമേ ഇവിടെ ആവശ്യത്തിനുള്ള ശുദ്ധജലം ലഭിക്കുകയുള്ളൂ. ഇത് പൂർത്തിയാകാൻ ഉദ്ദേശം നാല് വർഷം വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

ഞീഴൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണം

892. [1320] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ട് വർഷം മുമ്പ് ഞീഴൂർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പൈപ്പ് ഇട്ടെങ്കിലും ഇതുവരെ കുടിവെള്ളം എത്തിയിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെള്ളമെത്തിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഞീഴൂർ പഞ്ചായത്തിൽ ഒരു വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനുള്ള നടപടി എത്രത്തോളമായി ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ടാങ്ക് നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.

കിളിമാനൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി

893. [1321] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ കിളിമാനൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണപദ്ധതിയുടെ പണി എന്നാണ് ആരംഭിച്ചത് ;

(ബി) ഇതിന്റെ പണി എത്രമാത്രം പുരോഗമിച്ചു ;

(സി) പ്രസ്തുത പണി എന്ന് പൂർത്തിയാക്കി ശുദ്ധജല വിതരണം തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കിളിമാനൂർ പഞ്ചായത്തിൽ ഇപ്പോഴും തന്നെ ഒരു ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനത്തിലുണ്ട്. ഇതിന്റെ വിപുലീകരണത്തിനായി ഒരു പദ്ധതി പരിഗണനയിലുണ്ട്.

(ബി, സി) ഈ പദ്ധതി നടപ്പാക്കാൻ വേണ്ട പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

കാർത്തികപുരം ശുദ്ധജല വിതരണ പദ്ധതി

894. [1323] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കാർത്തികപുരം ശുദ്ധജല വിതരണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതി എന്നത്തേക്ക് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രവർത്തനം 80% ത്തോളം പൂർത്തിയായിട്ടുണ്ട്.

(ബി) ആവശ്യമായ ധനം ലഭിക്കുകയാണെങ്കിൽ 1987 മാർച്ച് മാസം ആകുമ്പോഴേക്കും പദ്ധതി കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly